Rajarshi

No. 5/1121 Dated 10—11—1945

UNIVERSITY LIBRARY. 8—JAN 1946 MADRAS.

# രാജർഷി

പുസ്തകം 12 | 1121 ചിങ്ങം, കന്നി | ലക്കം 1, 2

A 136



സ്ഥാനത്യാഗം ചെയ്ത
സർ ശ്രീരാമവർമ്മ കൊച്ചി വലിയതമ്പുരാൻ
ജി. സി. എസ്സ്. ഐ., ജി. സി. ഐ. ഇ., എച്ച്. എം. യു.
തിരുമനസ്സുകൊണ്ട്.

UNIVERSITY LIBRARY

135129

## വിഷയവിവരം.

1 മംഗളം—

കെ. നാരായണമേനോൻ

2 പ്രസ്താവന—

3 മഹാച്ഛരമം— 3

പഴവിൽ കുഞ്ഞൻമാരാര്.

4 സംസ്കൃതഭാഷയിലും

ആത്മകഥാകഥനം 4

—വിദ്വാൻ ശിരോമണി

കെ. എൻ. നമ്പീശൻ.

5 പരേതനായ കുടമാളൂർ 8

6 വിരക്തി— 10

—ശിരോമണി എൻ. എൻ. പെ

രുമാങ്ങോട്.

11

1 മംഗളം— 11

കെ. പ്രഭാകരൻ

2 ജാനശ്രുതിനൃപതി—

—ജി. വിശ്വനാഥശർമ്മ

3 നമസ്കരിക്കാം. 12

—വിദ്വാൻ അടയത്തു കൃഷ്ണപിള്ള.

4 ഹാഫിസ്— 14

സി. പ്രഭാകരൻ ബി. എ.

5 മറുപടി— 16

—എ. പി. രാമൻനായർ.

6 ജനനി— 17

കുടമാളൂർ കെ. സി.

കേശവൻനായർ ബി. എ.

7 യുവകവികൾക്കൊരു താക്കീതു്. 18

—മൂക്കോത്ത്,

8 പുലരിയുടെ പുഞ്ചിരി. 20

തോട്ടക്കാട്ടു മാധവമേനോൻ.

135129
UNIVERSITY LIBRARY
8-JAN 1946
MADRAS
52032:N36
1151

# രാജർഷി

പുസ്തകം 12 | 1121 ചിങ്ങം, കന്നി | ലക്കം 1, 2

## മംഗളം

(കെ. നാരായണമേനോൻ, രാഷ്ട്രഭാഷാവിശാരദ്)

ഭാഷാശയ്യാഷ്ണഹർഷ്യായ് വരണമാല്യത്തെസ്സമർപ്പിച്ചിരു-
ന്നാ "രാജർഷി" ശുഭാഖ്യയാലവിരതം ഭാസിച്ചിടും മാസികേ!
ഭാഷാപോഷണതൽപ്പരത്വമിയലും നിൻഭാവിയിൽ ഭാവുകം
പോഷിച്ചേഷവളർന്നിടാൻ കനിയുമപ്പൂർണ്ണത്രയീശൻ ഭൃശം

## പ്രസ്താവന

'രാജർഷി!' ആരെയും പുളകം കൊള്ളിക്കുന്ന ഒരു പാവനനാമധേയം. ആ മഹാത്മാവിൻെറ മധുരസ്മരണക്കായി നടത്തിവരുന്ന ഈ മാസിക ആരംഭിച്ചിട്ടു വർഷങ്ങൾ പതിനൊന്നു കഴിഞ്ഞു. ആ പുണ്യചരിതൻെറ അമേയശക്തി ഇതുവരെ നടത്തിക്കൊണ്ടുപോന്നു. ഈ സന്ദർഭത്തിൽ, ശാകുന്തളം ഏഴാമങ്കത്തിൽ, ദുഷ്യന്തൻ ഇന്ദ്രൻെറ നിർദ്ദേശാനുസരണം മാതലിയോടൊന്നിച്ചു ദേവലോകത്തെത്തി അസുരന്മാരെ നിഗ്രഹിച്ചതിൻെറശേഷം, അപ്രകാരം ആ കർമ്മം തനിക്കു ചെയ്യുവാൻ സാധിച്ചതു് ഇന്ദ്രൻെറ മാഹാത്മ്യമല്ലാതെ തൻെറ സാമർത്ഥ്യമൊന്നുമല്ലെന്നു പറയുന്ന

"സിദ്ധ്യന്തികർമ്മസുമഹത്സ്വപിയന്നി-
(യോജ്യാഃ
സംഭാവനാ ഗുണമവേഹി തമീശ്വരാ-
(ണാം."

എന്ന ഭാഗം എൻെറ ഓർമ്മയിൽ വരുന്നു. അതുപോലെ ആ പുണ്യപ്പെരുമയുടെ നാമധേയമാഹാത്മ്യം ഈ മാസികാശിശുവിനെ പന്ത്രണ്ടാംവയസ്സിൽ പദമൂന്നിച്ചു.

മാസികയും അതിനോടനുബന്ധിച്ചു നടത്തിവരുന്ന സംസ്കൃതസ്കൂളും വായനശാലയും യഥാശക്തി പരിഷ്കരിക്കണമെന്നു വിചാരിച്ചു് അതിനുവേണ്ടി അതിൻെറ ജനയിതാവ് പരിശ്രമിച്ചുതുടങ്ങിയിട്ടു കാലം കുറെയായി. പരിതസ്ഥിതികൾ വിലങ്ങടിച്ചു നിൽക്കയാൽ ലക്ഷ്യത്തിലെത്താതെ, പരിഹാരമാർഗ്ഗങ്ങൾ അന്വേഷിച്ചുകഴിഞ്ഞു കൂടവേയാണ് അദ്ദേഹത്തിൻെറ ദേഹവിയോഗം സംഭവിച്ചതു്. അല്പജ്ഞനായ മനുഷ്യൻ സങ്കല്പക്കോട്ടകൾ

UNIVERSITY LIBRARY

മായക്കെട്ടും. അതിന്നിടക്ക് പൂന്താനം പറഞ്ഞതുപോലെ.

"ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ
ചത്തുപോകുന്നു കഷ്ടം! ശിവ! ശിവ!
എന്നുതന്നെ അനുഭവം.

രാജർഷി ശിശുവിൻ്റെ ഗ്രഹപ്പിഴ കൊണ്ടോ എന്തോ അതിൻ്റെ ജനയിതാവിനു തൽക്കാലം ലോകരംഗത്തിൽനിന്നു മാറേണ്ടിവന്നു. ലോകജീവിതത്തെ ഒരു 'റിലേറയിസ്' ആയി മഹാന്മാർ രൂപണം ചെയ്യാറുണ്ട്. അതിൽ തനിക്കു കിട്ടുന്ന ചൈതന്യമാകുന്ന കൊടിയെ വേറൊരാളെ ഏല്പിക്കുമ്പോൾ ആദ്യത്തെയാളിൻ്റെ ജോലികഴിഞ്ഞു. അങ്ങനെയുള്ള കൊടി വാങ്ങിയിരിക്കുന്നതു മാസികാശിശുവോളംതന്നെ പ്രായമുള്ള മറ്റൊരു ബാലനാണ്. ആ കൊടി അടുത്തയാളിൻ്റെ കയ്യിൽ എത്തിക്കണ്ടാൽ ഈയുള്ളവൾ ഭാഗ്യവതി തന്നെ. ഏതായാലും ഈ രണ്ടു ശിശുക്കളേയും ഈ അബലാഹസ്തങ്ങളിൽ നിക്ഷേപിച്ച് അദ്ദേഹം അന്തർദ്ധാനം ചെയ്തു. ജന്മകൃത്യങ്ങൾ സാധിച്ച് അപ്രത്യക്ഷരാകുന്ന മഹാത്മാക്കളുടെ വിയോഗത്തെക്കുറിച്ചു ഖേദിക്കുന്നതു് ഒട്ടും ആദരണീയമല്ലെന്നുമാത്രമല്ല അശേഷം സ്വീകരണീയവുമല്ല. ജീവിതമാകുന്ന ഡൽഹിയിൽ മരണമാകുന്ന വേനൽക്കാലം വരുമ്പോൾ സ്വർഗ്ഗമാകുന്ന സിംലായിലേക്ക് ആത്മാവെന്ന ആഫീസ് മാററലാണ് ദേഹവിയോഗമെന്നത്രേ ഈ വി. കൃഷ്ണപിള്ളയുടെ അഭിപ്രായം. സാന്ത്വനത്തിനായി ഉപയോഗിച്ചിട്ടുള്ള മേൽപറഞ്ഞ വാചകങ്ങൾ എത്ര സാർത്ഥകങ്ങളാണെങ്കിലും, ഈവിധം പ്രസ്താവനയെഴുതാനിടയാക്കിയ ആ സംഭവം ഹൃദയശല്യത്തെ വല്ലാതെ വളർത്തുന്നുണ്ട്.

ഒരു പുണ്യശ്ലോകൻ്റെ സ്മരണയെ നിലനിറുത്തുവാൻ ആരംഭിച്ച പ്രസ്ഥാനത്തെ മുമ്പോട്ടു കൊണ്ടുപോകാൻ അതിയായ ആഗ്രഹമുണ്ട്. ഏതാദൃശമായ ഒരു സന്ദർഭത്തിൽ പൊതുജനങ്ങളുടെ സഹായമാണ് ശരണീകരണീയമായിരിക്കുന്നത്. പണ്ഡിതന്മാരും മഹാമനസ്കരും ഉദാരാശയന്മാരും ലേഖനസഹായംകൊണ്ട് ഇതുവരെ മാസിക നിർവ്വിഘ്നം നടത്തിക്കൊണ്ടുവന്നവരും ആയ സഹൃദയന്മാരോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നതോടൊപ്പം മേലാലും അവരുടെ കൃപാദോഹളമാണ് മാസികയുടെ വളർച്ചക്കു പ്രധാനനിദാനമെന്നു വിനയസമേതം അറിയിക്കയും ചെയ്തുകൊള്ളുന്നു. അതുപോലെതന്നെ മാന്യവരിക്കാരോട് ഇതുവരെ ചെയ്തിട്ടുള്ള സഹായങ്ങൾക്കു നന്ദി പറയുന്നതോടുകൂടി ധനസംബന്ധമായ വിഷയം മാസികയുടെ വളർച്ചക്കു ഹാനികരമാകാതിരിക്കത്തക്കവിധം വേണ്ട നിഷ്കർഷ ചെയ്യണമെന്നു് അപേക്ഷയുണ്ട്. മാസികാപ്രവർത്തനങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടു ഭംഗിയായി നടത്തിക്കൊണ്ടു പോകുന്നതിനു വേണ്ട സന്മനസ്സു പ്രദർശിപ്പിച്ചിട്ടുള്ള ബി. വി. പ്രസ്സ്-ഉടമസ്ഥരോടുള്ള അപാരമായ സന്തോഷത്തെ പ്രകടിപ്പിപ്പാനുള്ള അവസരം ഇതല്ലാതെ വേറെ ഒന്നല്ല. സർവ്വോപരി ഈ സംരംഭത്തെ സഹായിച്ചിട്ടുള്ള ഏവർക്കും സർവ്വമംഗളങ്ങളും വന്നുചേരുവാൻ ശ്രീപൂർണ്ണത്രയീശൻ കടാക്ഷിക്കട്ടെ.



പരേതനായ ശ്രീ. കടമാളൂർ കെ. കെ. ഗോപാലപിള്ള

## മഹച്ചരമം

എന്താണിക്കേൾപ്പതയ്യോ ശിവ ശിവ! ശമ — ന്നിന്നഹതാശനല്പം
ചെയ്യാൻ പാട്ടുള്ളവെന്നായൊരു നിയമവുമിക്കാലമില്ലെന്നുവന്നോ?
തൻ നാട്ടിൽ നാടകകൃതിത്തികവുമികവെഴും സാഹിതീമാർഗ്ഗമാർക്കും
നന്നായ് ബോധ്യപ്പെടുത്തിടിന പടു "കടമാളൂ"രിനെത്തിന്നുവെന്നോ!

ഇപ്പോഴിക്കാരണത്താലൊരു നവകവിയും ദുർവ്വിധേ! ധിഗ്ധിഗിപ്പം
ചെറ്റല്ലാതാന്നപത്രാധിപഗണമണിയുന്നോരു സത്തായമുത്തും
ഒപ്പം ഞങ്ങൾക്കുപോയ്പ്പോയ്; ബലമെഴുമഴലീമട്ട 'മാനസ്ഥ'രുൾക്കൊള്ള
റൊട്ടും കൂടാതെചേക്കാൻ തുനിയുകിലെളിയോരായതിന്നെന്തുചെയ്വൂ?

മുട്ടാതെന്നിങ്ങളോരോന്നെഴുതുക, കറകൂടാത്ത സൽക്കീർത്തിയെന്നാൽ
കിട്ടും കാലക്രമത്താൽ, ലതരുടമടി, മന്നാടിടൊല്ലെള്ളിടയ്ക്കും.
അൻപാർന്നിത്തേവമാരാണിനിയിവനുപദേശിയ്ക്കുവാൻ, നെന്റെപൈതൃ
പൈതങ്ങൾക്കെന്നുമേച്ചിൽഗ്ഗതി, യയാതികളെപ്പോലെ തിണ്ണോടുകെന്ന്യേ

പാൎത്താലിപ്പിള്ളയെപ്പോലല മുശിരൊട്ടുമെന്മാതൃഭാഷാംബികേ! നിൻ
മേന്മയ്ക്കായിത്തിരിക്കും നിജസമയമുപേക്ഷിച്ചിടാതിപ്രകാരം.
ഏവൻ നിൻപിള്ളമാരിൽ പലപണിയുമെടുത്തുള്ളവൻ? നിത്തിയാലും
നാക്കേ! ചാക്കേതുമൎത്ത്യപ്രഭുവിനുമജൂനേകുന്ന സമ്മാനമല്ലോ.

പഴവിൽ കുഞ്ഞൻ മാരാര്

---

# സംസ്കൃതഭാഷയിലും ആത്മകഥാകഥനം

---

(വിദ്വാൻ, ശിരോമണി കെ. നീല കണ്ണൻ നമ്പീശൻ, സാഹിത്യാലങ്കാർ.)

‘സംസ്കൃതം’ എന്ന പേരിൽ അയോദ്ധ്യയിൽനിന്ന് പുറപ്പെടുന്ന സംസ്കൃതവാരികാ പത്രത്തിൻെറ അടുത്തൊരു ലക്കത്തിൽ ശ്രീമോഹൻ ശരണമിശ്ര അയച്ചുകൊടുത്ത ‘മയൂരസ്യ ആത്മകഥാ’ എന്നൊരുകാവ്യം പ്രസിദ്ധീകൃതമായിക്കാണുകയുണ്ടായി. പാശ്ചാത്യ സാഹിത്യത്തിൻെറ സമ്പൎക്കത്തോടുകൂടി ഭാരതീയസാഹിത്യങ്ങളിൽ സംജാതങ്ങളായ വിവിധപ്രസ്ഥാനവിശേഷങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ആത്മകഥാകഥനം എന്നത്രെ നാമിതേവരെ വിശ്വസിച്ചിരുന്നത്. ഈ ആത്മകഥാലബ്ധിയോടുകൂടി ആ വിശ്വാസത്തിന്ന് ഇപ്പോഴിതാ നേരിയൊരു ഭംഗം നേരിട്ടിരിക്കുന്നു. ആത്മകഥാകഥനസമ്പ്രദായം ഭാരതീയ സാഹിത്യത്തിലും പണ്ടുണ്ടായിരുന്നു എന്നതിന്ന് ഒരു തെളിവാണ് ഈ പ്രസിദ്ധീകരണം. ശ്ലോകരൂപത്തിലാണ് ഈ ഗ്രന്ഥം നിൎമ്മിതമായിരിക്കുന്നത് എന്നതാണ് ഇതിനുള്ളൊരു വിശേഷം. വസ്തുസ്ഥിതികഥനമൊഴിച്ച് കവിതയുടെ കലാവിലാസത്തിന്നോ സൌന്ദൎയ്യത്തിന്നോ ഇതിൽ വലിയ സ്ഥാനമൊന്നുമില്ല. ആത്മകഥാകഥനത്തിൽ ആത്മാൎത്ഥതക്ക് ഒരുന്നതസ്ഥാനം കൊടുക്കേണ്ടതായിട്ടുണ്ടല്ലോ. അതു മയൂരഭട്ടൻ എന്ന പ്രസ്തുത സംസ്കൃതകവിയും നല്ലപോലെ ഗ്രഹിച്ചിരുന്നു എന്നു വിചാരിക്കണം. കാവ്യാരംഭത്തിലുള്ള ഈ ശ്ലോകംനോക്കുക.

സത്യം വദാമി ന
വദാമ്യഹമപ്യസത്യം
സത്യം ലിഖാമി ന ലി
ഖാമി കിമപ്യസത്യം
സത്യേ സ്ഥിതോസ്മി സ
തതം ഭജാമി സത്യം
നൄണാമസത്യമുരുഭീദ
മപായഹേതു:

‘ഞാൻ സത്യമേ പറയുന്നുള്ളു. അസത്യം പറയുന്നില്ല. സത്യമെ എഴുതുന്നുള്ളു ഒരസത്യവും എഴുതുന്നില്ല. സത്യസന്ധനായ ഞാൻ എപ്പോഴും സത്യത്തെത്തന്നെ ഭജിക്കുന്നു മനുഷ്യൎക്ക് അസത്യം അത്യന്തഭയദവും ആപന്നിദാനവുമാണല്ലൊ? ഇതാണ് പൂൎവ്വലിഖിതമായ ശ്ലോകത്തിൻെറ താല്പൎയ്യം. ഗ്രന്ഥകാരൻ സ്വന്തം ജീവചരിത്രമെഴുതുമ്പോൾ സത്യം മറച്ചുവെക്കുന്നതു അനുവാചകരോട് ചെയ്യുന്ന ഒരു വഞ്ചനയാണ്. ഗ്രന്ഥകാരൻെറ വ്യക്തിത്വത്തിൻെറ മേൽ വ്യാപിക്കുന്ന ഒരു മൂടൽമഞ്ഞായിരിക്കും അത്.

അനുഷ്ടുപ്പ് വൃത്തത്തിലുള്ള ഇരുനൂറോളം ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നതാണ് മയൂരഭട്ടൻെറ ഈ ആത്മകഥ. ആരംഭത്തിൽ തന്നെ കവി സ്വന്തം ജീവച

രിത്രത്തിൻെറ സംഗ്രഹമാണു എഴുതാൻ പോകുന്നതു് എന്നു് പ്രസ്താവിക്കുന്നുണ്ടു്. സൂൎയ്യശതകം മയൂരഭട്ടൻ കുഷ്ഠരോഗപരിഹാരത്തിനുവേണ്ടി വിരചിച്ചിട്ടുള്ളതാണു് എന്നുഃകഥ സുപ്രസിദ്ധമത്രെ. അതിനുള്ള കാരണമാണു് ഈ ആത്മകഥയിൽ വ്യക്തമാക്കിയിരിക്കുന്നതു്. മയൂരഭട്ടൻെറ ആത്മകഥയിൽനിന്നു് അറിയാൻ സാധിക്കുന്ന അദ്ദേഹത്തിൻെറ ജീവചരിത്രാംശങ്ങൾ താഴെ കൊടുക്കാം.

ശോണഭദ്ര എന്ന നദിയുടെ തീരത്തിലുള്ള ശിലൈലെഷ്ഠ എന്ന പുരത്തിലാണു് മയൂരഭട്ടൻെറ പൂൎവ്വജന്മാർ നിവസിച്ചിരുന്നതു്. അവിടെത്തന്നെയാണു് മയൂരഭട്ടൻ പിറന്നതും. മഗവംശത്തിൽ ജനിച്ച അദ്ദേഹത്തിനു മേരു എന്ന പേരിൽ ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നു. മേരുവിനു മൂന്നും കവിക്കു ഒന്നും വയസ്സുതികഞ്ഞ കാലത്തു് അവിടെ വെള്ളപ്പൊക്കമുണ്ടായി. ധൎമ്മദേവൻ എന്ന ഇദ്ദേഹത്തിൻെറ പിതാവും കുടുംബവും അന്നാട്ടുകാരും വെള്ളപ്പൊക്കം നിമിത്തം കേവലം എന്ന ഗ്രാമത്തിൽപോയി താമസിച്ചു. ചിങ്ങമാസത്തിലെ അഷ്ടമിരോഹിണിനാൾ ജനിച്ചതുകൊണ്ടു മയൂരനു ഇട്ട പേരു് ബാലകൃഷ്ണൻ എന്നായിരുന്നു. മയൂരൻ എന്ന പേരു വരാനുള്ള കാരണം പിന്നീടു് പറയുന്നുണ്ടു്.

കുട്ടിക്കാലത്തു മേരുവും ബാലകൃഷ്ണനും ക്രീഡാലാലസന്മാരായിത്തന്നെ, അങ്ങനെ വളൎന്നുവന്നു. ഒരിക്കൽ ഒരുകൂട്ടം നടന്മാർ വാനരൻ മയിൽ മുതലായ പക്ഷികളേയും മൃഗങ്ങളേയും കളിപ്പിച്ചുകൊണ്ടു് ബാലകൃഷ്ണൻെറ ഭവനത്തിൽ എത്തി. പ്രകൃത്യാ ക്രീഡാതല്പരനായ ബാലൻ അവരുടെ കളികണ്ടപ്പോൾ മയൂരലബ്ധിയിൽ കൂടുതൽ ആസക്തചിത്തനായിത്തീൎന്നു. മകൻെറ ശാഠ്യം നിമിത്തം പിതാവു് പുത്രനു വലിയ വിലകൊടുത്തു് ഒരു മയിലിനെ വാങ്ങിക്കൊടുത്തു. ബാലകൃഷ്ണൻ മയിലിനെ കളിപ്പിക്കുകയും തദനുസാരേണ നൃത്തം വെക്കുകയുംചെയ്തു കാണികളുടെ കണ്ണും കരളും കവൎന്നു. അന്നുമുതൽ ജനങ്ങൾ അദ്ദേഹത്തെ മയൂരൻ എന്നു വിളിക്കാൻ തുടങ്ങി.

കുട്ടിക്കാലത്തു രണ്ടു സഹോദരന്മാരും ക്രീഡാസക്തന്മാരായിരുന്നതിനാൽ വിദ്യാവിഹീനന്മാരായിത്തീൎന്നു. 16-ാം വയസ്സിൽ മയൂരൻെറ വിവാഹം നടന്നു. വിവാഹത്തിനടുത്തുതന്നെയാണത്രെ അദ്ദേഹത്തിൻെറ ഉപനയനവും കഴിഞ്ഞതു്. ക്രൌഞ്ചനഗരത്തിൽവെച്ചാണു് രണ്ടുപേരുടെയും ഉദ്വാഹം നിൎവ്വഹിക്കപ്പെട്ടതു്. കവിയുടെ പത്നിയുടെ നാമധേയം സരസ്വതി എന്നായിരുന്നു. കവിത, ചിത്രം, സംഗീതം മുതലായ കലകളിൽ അവൾ നിപുണയായിരുന്നു. വിവാഹാനന്തരം പത്നി ചോദിച്ച ചോദ്യത്തിനു മയൂരൻ ഉത്തരം പറയാൻ അസമൎത്ഥനായി. ശാസ്ത്രജ്ഞന്മാർ പറയുന്ന ബഹുവിധകളായ സ്ത്രീകളിൽ താൻ മുഗ്ദ്ധയോ മദ്ധ്യമയൊ പ്രൌഢയൊ അഭിസാരികയൊ വാസകസജ്ജികയൊ ആരാണു്? എന്നായിരുന്നു സരസ്വതിയുടെ ചോദ്യം.

സംഭാവിതകുലാല്പനാഃ
സുരൂപാശ്ച സുയൌവനാഃ
നശോഭന്തേ വിനാവിദ്യാം
നിൎഗ്ഗന്ധാലിംത്രുകാ യഥാ
കുരൂപാ നിൎദ്ധനായേ ച
വസ്ത്രാലങ്കാരവൎജ്ജിതാഃ
തേപി സൎവ്വത്ര ശോഭന്തേ
യദി വിദ്യാവിശാരദാഃ

ഇത്യാദികളായ ചില സുഭാഷിതപദ്യങ്ങളുടെ അൎത്ഥവും അവൾ ഭൎത്താവിനു പറഞ്ഞുകൊടുത്തു. മയൂരൻ ലജ്ജിതനായി

തന്റെ വിദ്യാവിഹീനതയെ കാത്തു ദുഃഖിച്ചു.

ഹർഷവർദ്ധനപൂജിതനും ജ്യോതിശ്ശാസ്ത്രവിശാരദനും സരസ്വതിയുടെ പിതാവിന്റെ ഗുരുവുമാണ് താരകൻ. അദ്ദേഹത്തിന്റെ പത്നിയും വിദ്യാസമ്പന്നയായിരുന്നു. എട്ടുകൊല്ലത്തോളം സരസ്വതി താരകപത്നിയുടെ അടുക്കൽ വിദ്യാഭ്യാസം ചെയ്തിട്ടുണ്ട്.

പത്തു ദിവസത്തെ വഴിനടന്നു മയൂരൻ വിദ്യാഭ്യാസത്തിന്നുവേണ്ടി കാശിയിൽ എത്തി. പതിനഞ്ചുകൊല്ലകാലം മയൂരൻ ഗുരുസന്നിധിയിൽ ഇരുന്നു വിദ്യ അഭ്യസിച്ചു. അക്കാലത്തു നാട്ടിലേക്ക് ഒരു എഴുത്തു അയക്കുകപോലും ഉണ്ടായില്ല. വിദ്യാഭ്യാസാനന്തരം ഗുരുവിന്റെ അനുമതിയോടുംകൂടി പുറപ്പെട്ട് നരശ്രീഗന്ധം എന്നു പേരായ ഒരു ഗ്രാമത്തിൽ ഒരു സന്ധ്യക്ക് എത്തിച്ചേർന്നു. അവിടെ താമസിച്ച ഗൃഹത്തിൽ പ്രോഷിതഭർത്തൃകയും സുന്ദരിയുമായ ഒരു യുവതി മാത്രമെ ഉണ്ടായിരുന്നുള്ളു. അവളുടെ സൌന്ദര്യത്താൽ സമാകൃഷ്ടചിത്തനായ മയൂരൻ രാത്രി ഭിത്തിയിൽ തദീയാംഗവർണ്ണനാരൂപങ്ങളായ കുറെ പദ്യങ്ങൾ എഴുതിവെച്ചു. പ്രഭാതത്തിൽ യാത്രോദ്യുക്തനായ മയൂരനെ ആ പദ്യങ്ങൾ കണ്ടയുവതി ശരീരത്തിൽ കുഷ്ഠരോഗം പിടിക്കട്ടെ എന്നു ശപിച്ചു. ഒടുവിൽ ഗുരുവിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചാൽ രോഗശമനം സംഭവിക്കുമെന്നു ശാപമോക്ഷം കൊടുക്കുകയും ചെയ്തു.

മയൂരൻ ഗൃഹത്തിൽ വന്നു ചേരുകയും ശാപവൃത്താന്തം സരസ്വതിയെ ധരിപ്പിക്കുകയും ചെയ്തു. അപ്പോൾ അവൾ പറഞ്ഞു. "ആ സുന്ദരി അവിടുത്തെ പുത്രിയാണ്" അങ്ങു വിദ്യാഭ്യാസത്തിന്നു പോകുമ്പോൾ ഞാൻ ഗർഭിണിയായിരുന്നുവല്ലൊ. അവൾ വിദ്യാഭ്യാസാനന്തരം വിവാഹിതയായിരിക്കയാണ്. പശ്ചാത്താപദഗ്ദ്ധനായ കവി ദേവഗ്രാമത്തിൽചെന്ന് അർക്കമന്ദിരത്തിൽ സൂര്യദേവനെ ഉപാസിച്ചു. അങ്ങനെ അദ്ദേഹം സൂര്യശതകം എഴുതുകയും തദ്വാരാ കുഷ്ഠരോഗവിമുക്തനായിത്തീരുകയും ചെയ്തു

സൂര്യശതകകർത്താവായ മയൂരൻ കാശിയിൽവന്നു കാശ്മീരരാജാവായ രാജശേഖരനുമായിപരിചയപ്പെട്ടു. ജാഹ്നവീതടത്തിൽവെച്ചു നടന്ന ശാസ്ത്രീസദസ്സിൽ മയൂരൻ ഗുരുവിനോടുകൂടി പങ്കുകൊള്ളുകയുണ്ടായി. കാശ്മീരരാജാവ് പിന്നീട് മയൂരനെ സ്വന്തം നാട്ടിലേക്ക് ക്ഷണിക്കുകയും യഥാവിധി സൽക്കരിച്ചയക്കുകയും ചെയ്തു. രാജധാനിയിൽ നിന്ന് വിട്ടുപോകുമ്പോൾ നമ്മുടെ ചരിത്രപുരുഷന്ന് വിശിഷ്ടവസ്ത്രങ്ങളും, സ്വർണ്ണനാണ്യങ്ങളും, കുങ്കുമവും, മോതിരവും മററും നൽകുകയുണ്ടായി. ഒട്ടകങ്ങളുടേയും കുതിരകളുടേയും പുറത്തു ആ സാമഗ്രികൾ കയററിവെച്ച് അദ്ദേഹം നാട്ടിലേക്ക് മടങ്ങി. കിട്ടിയധനത്തിൽ പകുതി ഗുരുവിന്നു പ്രദാനം ചെയ്തു അനന്തരം സ്വഗൃഹത്തിൽ എത്തി സുഖമായി ജീവിതം നയിച്ചു

കുട്ടിക്കാലത്തുണ്ടായ വെള്ളപ്പൊക്കം, പിതൃമരണം, ഗവാശ്രാദ്ധമൂട്ടിയതു് എന്നിവയെല്ലാം ഇന്നന്നദിവസങ്ങളിലാണ് നടന്നതു് എന്നും വ്യക്തമായി പ്രതിപാദിതങ്ങളായിട്ടുണ്ട്. പ്രസ്തുതമായ ആത്മകഥ പ്രസിദ്ധീകരിച്ച മോഹൻശരൺമിശ്രനും പ്രസ്താപിക്കുന്നതു് ഇങ്ങനെയാണ്. മയൂരഭട്ടൻ തന്നെ പാലീലിപിയിൽ എഴുതിയ ഒരു ഗ്രന്ഥമാണ് കണ്ടുകിട്ടിയതു്. പിന്നീട് ഒരു മഹാപണ്ഡിതനെക്കൊണ്ടു നാഗരലിപിയിൽ അതു പകർത്തിയെഴുതി

ക്കപ്പെട്ടു. വിക്രമാബ്ദം ഏഴാം നൂററാണ്ടാണ് ഹർഷവർദ്ധനന്റെ രാജ്യഭരണകാലം 735-ാം വിക്രമാബ്ദത്തിലായിരിക്കണം മയൂരകവി ഈ ആത്മകഥ വിരചിച്ചതു്. ഗൌഡീരീതിയിൽ ഗാഢബന്ധത്തോടുകൂടി കവിത എഴുതുന്ന മയൂരഭട്ടൻ വാർദ്ധക്യം നിമിത്തമൊ സ്വമിത്രമായ ബാണകവിയുടെ പരലോകഗമനത്താൽ ഉണ്ടായ അസ്വാസ്ഥത നിമിത്തമൊ പുരാണശൈലിയിൽ എല്ലാവക്കും സുഗ്രഹമായ രീതിയിൽ ഈ കാവ്യം നിമ്മിച്ചിരിക്കണം. ഗ്രന്ഥകാരൻ സ്വീയാത്മകഥയിൽ ഹർഷവർദ്ധനൻ, ബാണകവി സ്മരിച്ച താരകൻ എന്നിവരുടെ പേരുകൾ സൂചിപ്പിച്ചിട്ടുണ്ടു്.

'സംസ്കൃത' പത്രത്തിന്റെ പത്രാധിപർ ഇങ്ങനെയാണു് അഭിപ്രായപ്പെടുന്നതു്. മയൂരൻ ഹർഷവർദ്ധനന്റെ സദസ്യനായിരുന്നിരിക്കണം. ഭക്താമരസ്തോത്രടീകയിൽ മയൂരനെ ബാണന്റെ ശിഷ്യനായിട്ടാണു് പറഞ്ഞിരിക്കുന്നതു്. സൂര്യശതകത്തിന്റെ ടീകാകാരനായ മധുസൂദനനും ഇതേ അഭിപ്രായം തന്നെ പ്രകടിപ്പിക്കുന്നു. മേരുതുംഗാചാര്യൻ പ്രബന്ധചിന്താമണിയിലും ബല്ലാലൻ ഭോജപ്രബന്ധത്തിലും മയൂരൻ ബാണന്റെ സ്യാലനായിരുന്നെന്നാണു് പ്രസ്താവിച്ചിരിക്കുന്നതു്. മമ്മടനും തൽകൃതമായ കാവ്യപ്രകാശത്തിന്റെ ടീകാകാരനും ഈ അഭിപ്രായത്തെ അനുകൂലിക്കുന്നവരാണെന്നു തോന്നുന്നു.

കുഷ്ഠരോഗനിവാരണത്തിനു മയൂരൻ ഗയാപ്രാന്തസ്ഥമായ സൂര്യമന്ദിരത്തിൽ ഇരുന്നു തപസ്സുചെയ്തു എന്നാണു് പറയപ്പെടുന്നതു്. ആ ദേവാലയത്തിന്റെ അധികൃതന്മാർ പറയുന്നതു് അവർ മയൂരവംശജന്മാരാണു് എന്നത്രെ. അതിനെപ്പററി നോക്കുമ്പോൾ ഇദ്ദേഹം ശോണഭദ്രനദീതടത്തിൽ നിവസിച്ചിരുന്ന ശോണഭദ്രീയ ബ്രാഹ്മണനായിരുന്നു എന്നു വിചാരിക്കാം. മറുചില ഗ്രന്ഥങ്ങളിൽ സാരസ്വത ബ്രാഹ്മണനെന്നു പറയപ്പെട്ടിരിക്കുന്നു. മയൂരൻ എന്ന പേരിൽ അറിയപ്പെടുന്ന കവികൾ അനേകമുണ്ടെന്നും ഒരാൾ പദചന്ദ്രികാകാരനും മറെറാരാൾ മയൂരാഷ്ടക കർത്താവും മൂന്നാമതൊരാൾ ധനഞ്ജയൻ വിരചിച്ച ലിംഗാർത്ഥചന്ദ്രികയുടെ ടീകാകാരനും ആണെന്നും തോന്നുന്നു. ചിലർ രാജാക്കന്മാരും മറു ചിലർ മന്ത്രിമാരും വേറെ ചിലർ ബ്രാഹ്മണരുമാണു്. ക്രിസ്ത്വാബ്ദം 7-ാം നൂററാണ്ടിൽ കാശ്മീരം ഭരിച്ചിരുന്നതു് മാതൃഗുപ്തനായിരുന്നു എങ്ങനെയായാലും ആത്മകഥാകാരനും സൂര്യശതകകർത്താവും ഒരേ മയൂരകവിയാണെന്ന കാര്യം തീച്ചതന്നെ

സംസ്കൃതഭാഷയിൽ നാടകങ്ങളിലെ പ്രസ്താവനകളിൽനിന്നും ചില കാവ്യങ്ങളുടെ ആരംഭത്തിൽനിന്നുമാണു് നമുക്കു് കവികളുടെ ജീവചരിത്രത്തിന്റെ ചില അംശങ്ങളും അവർതന്നെ നിമ്മിച്ച മറുകൃതികളുടെ നാമധേയങ്ങളും പ്രായേണ അറിയുവാൻ കഴിയുന്നതു്. അപൂവ്വം ചില വ്യാഖ്യാനങ്ങളിലേയോ ടീകകളിലേയൊ ചില പ്രസ്താവനകളും ഇക്കാര്യത്തിൽ സൂചകങ്ങളായി നിൽക്കുന്നുണ്ടു്. പ്രസ്തുതമായ ആത്മകഥ കണ്ടുകിട്ടിയതിനാൽ സംസ്കൃതകവികൾക്കും ഏതദ്വിഷയകമായ ജ്ഞാനമുണ്ടായിരുന്നു എന്നു വിചാരിക്കാം. സംസ്കൃതഭാഷയിൽ ഇനിയും ഏതാദൃശങ്ങളായ ആത്മകഥാകഥനരൂപത്തിലുള്ള ഗ്രന്ഥങ്ങൾ അജ്ഞതയുടെ അടിത്തട്ടിൽ ആണ്ടുകിടക്കുന്നില്ലെന്നു് ആരുകണ്ടു?

# പരേതനായ കുടമാളൂർ, കെ. കെ. ഗോപാലപിള്ള അവർകൾ.

"ഏവനും നിയതമന്ത്യകാലമു-
ണ്ടാവതല്ലതിനെ നീക്കിനിർത്തുവാൻ
ഏവനുമാതി മുതിയാൻ സുധാരസം
കൈവശത്തിലെഴുമൌഷധീശ്വരൻ"

ഉമാകേരളം മഹാകാവ്യത്തിലുള്ള ചന്ദ്രാസ്തമയവർണ്ണനമായ ഈ ശ്ലോകംകൊണ്ടു മനുഷ്യൻ എപ്പോഴും ഓർത്തുനിൽക്കേണ്ട ചില തത്വങ്ങൾ മഹാകവി പ്രസ്ഫുടമാക്കിയിരിക്കുന്നു:

'മരണം പ്രകൃതിശ്ശരീരിണാം
വികൃതിർജ്ജീവിതമുച്യതേ ബുധൈഃ'
'പ്രതികൂലതാമുപഗതേഹി വിധൌ
വിഫലത്വമേതി ബഹുസാധനതാ'

എന്ന അഭിജ്ഞവചനങ്ങളിലടങ്ങിയ പൊരുൾ പ്രകൃതിതന്നെ നമുക്ക് ഉദാഹരിച്ചു കാണിക്കുന്നതായി മേലെഴുതിയ ശ്ലോകത്തിൽനിന്നു മനസ്സിലാക്കാം.

ഏതു രാജാധിരാജനും തന്റെ സകല കഴിവുകളും ഉപയോഗിച്ചാലും മരണം നീട്ടിവെയ്ക്കാനോ ഇല്ലാതാക്കുവാനോ കഴികയില്ല. എന്നാൽ മനുഷ്യനു് ഒന്നു സാധിക്കും.

'പരക്കുപദ്രവമരുളാതിഹത്തിലും
പരത്തിലും പരമപദം ലഭിക്കുവാൻ'

ഉതകുന്ന വിധത്തിൽ തന്റെ സ്ഥിതിയും ത്രാണിയും അനുസരിച്ചു സാഹിത്യസേവനം ചെയ്യാനും ധർമ്മസ്ഥാപനങ്ങൾ ഏർപ്പെടുത്താനും. ഈ തത്വം മനസ്സിലാക്കി ജീവിച്ചിരുന്ന ഒരാളാണ് മി. ഗോപാലപിള്ള. അദ്ദേഹത്തെപ്പററി ഞാൻ മനസ്സിലാക്കിയേടത്തോളമുള്ള ചില വിവരങ്ങൾ അദ്ദേഹം ദിവംഗതനായ ഈ അവസരത്തിൽ മഹാജനങ്ങളെ മനസ്സിലാക്കുന്നതു് എന്റെ കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു.

ധർമ്മരാജ്യം എന്ന പ്രശസ്തിനേടിയ തിരുവിതാംകൂറിൽ കുടമാളൂർ എന്ന പ്രദേശത്തു 'കുരട്ടിയാട്ട്' എന്ന വീട്ടിൽ 1066 മേടമാസം പൂരുരുട്ടാതി നക്ഷത്രത്തിൽ അദ്ദേഹം ജനിച്ചു. മാതൃഭാഷാഭ്യസനവിഷയത്തിൽ പേരെടുത്ത തിരുവിതാംകൂറിലെ മലയാളപള്ളിക്കൂടത്തിൽ ഉയർന്ന ക്ലാസ്സുവരെ അദ്ദേഹം പഠിച്ചിട്ടുണ്ടു്. പള്ളിക്കൂടത്തിൽനിന്നു സിദ്ധിച്ച ഭാഷാജ്ഞാനം സഹജമായ സാഹിത്യാഭിരുചികൊണ്ടും, സ്ഥിരമായ പരിശ്രമംകൊണ്ടും അദ്ദേഹം പതിന്മടങ്ങു വർദ്ധിപ്പിച്ചു ആദ്യകാലങ്ങളിൽ അദ്ദേഹം തിരുവിതാംകൂറിൽതന്നെ മാന്നാനം പ്രസ്സിൽ ഒരു ജോലിയുമായി കഴിച്ചുകൂട്ടി.

കുറെക്കാലം കഴിഞ്ഞപ്പോൾ, ഏകദേശം ഇരുപത്തൊന്നു കൊല്ലങ്ങൾക്കുമുമ്പു്, അദ്ദേഹം ദൈവഗത്യാ തൃശ്ശിവപേരൂർ വന്നുകൂടി. അഷ്ടവൈദ്യന്മാരിൽ ഒരാളായ പഴനെല്ലിപ്പുറത്തു തൈക്കാട്ടു മൂസ്സിന്റെ ഇല്ലത്തു് ഒരു കാര്യസ്ഥനായുമായി കുറച്ചുകാലം കഴിഞ്ഞുകൂടുവാനാണു് ആദ്യം സംഗതിയായതു്. എങ്കിലും സാഹിത്യത്തിലുള്ള വാസന അദ്ദേഹത്തെ അപ്പോഴും ആ മാർഗ്ഗത്തിലേയ്ക്കുതന്നെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അചിരേണ 'കവിതാവല്ലരി' എന്നൊരു മാസിക അദ്ദേഹം തുടങ്ങി. ഭാഗ്യദോഷത്താൽ അതു കുറച്ചുകാലമേ നടന്നുള്ളു. പിന്നീടു കുറച്ചിട 'കൈരളി'യുടെ പത്രാധിപത്യവും അദ്ദേഹം ഏറെറടുത്തു നടത്തുകയുണ്ടായി.

അതിൽനിന്നും പിരിഞ്ഞു വീണ്ടും 'ബോലാക്കൻ' എന്നൊരു പുതിയ മാസിക നടത്തി. അതും വളരെക്കാലം നിലനിന്നില്ല. ഭാരതവിലാസം പ്രസ്സിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന 'ഭാരതി'യുടെ ആധിപത്യം വഹിച്ചു കുറെക്കാലം കഴിച്ചു. പിന്നീടാണ് സ്ഥാനത്യാഗംചെയ്ത കൊച്ചിമഹാരാജാവിന്റെ സ്മാരകമായി 'രാജർഷി' എന്ന മാസിക ആരംഭിച്ചതു്. മഹാനുഭാവനായ ആ മഹാരാജാവിന്റെ അനുഗ്രഹംകൊണ്ടും മി. പിള്ളയുടെ സ്ഥിരോത്സാഹംകൊണ്ടും നല്ല പേരോടുകൂടി അതു് ഇന്നും നടന്നുവരുന്നു. രാജർഷി മാസിക, യുദ്ധസ്ഥിതികൊണ്ടു് ഇപ്പോൾ വണ്ണത്തിൽ അല്പം കുറഞ്ഞിട്ടുണ്ടെങ്കിലും, എണ്ണപ്പെട്ട പല ലേഖനങ്ങളാലും അലംകൃതമാണെന്നു നിർമ്മത്സരബുദ്ധികളായ സാഹിത്യകാരന്മാർ സമ്മതിക്കുന്നുണ്ടു്.

പത്രപ്രവർത്തനത്തിൽ മാത്രമല്ല, മി. പിള്ള ഉത്സുകനായിരുന്നതു്. അദ്ദേഹം പല പുസ്തകങ്ങളും എഴുതിയിട്ടുണ്ടു്. ശക്തൻ തമ്പുരാൻ മൂന്നുഭാഗങ്ങൾ, കെടാവിളക്കുകൾ, രാജർഷി, അഭിമന്യു, സ്മരണാവലി, ബാലോപഹാരം, കേരളവർമ്മോദയം, സമരഗാനങ്ങൾ, കീർത്തനമാല, വ്യാകരണബാലപാഠം, പാചകയോഗാമൃതം മന്ദാരമാല, നവാദ്ധ്യായി (പ്രസ്സിൽ) എന്നിവയെല്ലാം അദ്ദേഹം എഴുതിയിട്ടുള്ള പുസ്തകങ്ങളാണു്. അദ്ദേഹത്തിന്റെ രീതി അതിപ്രൌഢമോ ഉജ്ജ്വലമോ അല്ലെങ്കിലും പ്രായേണ ലളിതവും പ്രസന്നവും ആണു്. കൊച്ചിയിലെ പല വിദ്യാലയങ്ങളിലും ഇവയിൽ ചിലതു പാഠപുസ്തകങ്ങളായിത്തീർന്നിട്ടുണ്ടു്.

മദ്രാസ്സിൽവെച്ചു തീപ്പെട്ട കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു് മി. പിള്ളയ്ക്കു സരസകവി എന്ന സ്ഥാനപ്പേർ കല്പിച്ചുനല്കുകയുണ്ടായിട്ടുണ്ടു്. കൊച്ചിയിലെ പല രാജകുമാരന്മാർക്കും ഇടപ്രഭുക്കന്മാർക്കും മി. പിള്ളയെ വലിയ കാര്യമാണു്. തിരുനാളവസരങ്ങളിൽ അവരിൽ പലർക്കും മംഗളം സമർപ്പിക്കുകയും പാരിതോഷികങ്ങൾ നേടുകയും പതിവുണ്ടു്.

മി. പിള്ള ഒരു ശുദ്ധാത്മാവാണു്. താൻ വലിയ പത്രപ്രവർത്തകനും കവിയും മററുമാണെന്നൊരു തള്ളിച്ചയോ തുള്ളിച്ചയോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ പത്രധർമ്മം വിസ്മരിച്ചു്, രാജർഷിയേയും തൽഭക്തന്മാരേയും അമർത്തുവാൻ ഉദ്ദേശിച്ചുകൊണ്ടു് പുച്ഛരസത്തോടുകൂടി പോരിന്നു പുറപ്പെട്ട ചില പൌരസ്ത്യകമല്ലിനാഥന്മാരോടു മല്ലിടേണ്ടിവന്നതിൽ അദ്ദേഹത്തിനു വലിയ കുണ്ഠിതമുണ്ടായിരുന്നു. ആ പോരിലും അദ്ദേഹം പരാജിതനായിട്ടില്ല. ഉത്തമസാഹിത്യകാരന്മാരോടും പണ്ഡിതന്മാരോടും അദ്ദേഹത്തിനു വലിയ ബഹുമാനമുണ്ടായിരുന്നു. മഹാകവി ഉള്ളൂരിനേയും, ശിരോമണി പി. കൃഷ്ണൻനായരേയും അദ്ദേഹം യഥാർഹം ആരാധ്യപുരുഷന്മാരായിട്ടാണ് കരുതിയിരുന്നതു്. സാഹിത്യസംബന്ധമായി വിലയേറിയ പല സഹായങ്ങളും മി. പിള്ളയ്ക്കു ഇവരിൽനിന്നു സിദ്ധിച്ചുകൊണ്ടിരുന്നു.

തൃശ്ശിവപേരൂർ വന്നു മൂസ്സിന്റെ ഇല്ലത്തു കാര്യസ്ഥത ഏററു താമസിച്ചുവെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ കാലത്തു് അവിടെ അടുത്തുള്ള കുറുപ്പത്തു വാകയിൽ എന്ന വീട്ടിൽ പാറുക്കുട്ടിയമ്മ എന്ന സ്ത്രീയുമായി മി. പിള്ള വിവാഹബന്ധത്തിലേർപ്പെട്ടു. ആ പത്നിയിൽ അദ്ദേഹത്തിനു് ഒരു പുത്രൻ ഉണ്ടായിട്ടുണ്ടു്. പ്രഭാകരൻ എന്നാണു് പേരു്. ഇപ്പോൾ എട്ടാംക്ലാസ്സിൽ പഠിച്ചുവരുന്നു. ഇവരുടെ

ഗൃഹത്തിൽവെച്ചാണ് ഈ കക്കിടകം 11-ാനു- ഉച്ചയ്ക്കു അദ്ദേഹം പരലോകം പ്രാപിച്ചതു്.

മി. പിള്ളയുടെ പ്രവൎത്തനങ്ങളുടെയെല്ലാം അവകാശികളും ഭാരവാഹികളുമായിട്ടു് ഇപ്പോഠം അവരാണു് ഇവിടെ ഉള്ളതായി അറിയുന്നതു്. മി. പിള്ളയുടെ സ്ഥാപനങ്ങഠം എല്ലാം യഥോചിതം നടത്തിക്കൊണ്ടു പോരുവാൻ അവർ കരുതുന്നു. ലേഖകന്മാരും മററും അവരെ പൂൎവ്വാധികം സഹായിക്കുമെന്നു വിശ്വസിക്കുന്നു. മി. പിള്ളയുടെ കുടുംബത്തിനു് അപ്രതീക്ഷിതമായി ഉണ്ടായ ഈ സങ്കടത്തിൽ ഞാനും അനുശോചിക്കയും, അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തി പ്രാൎത്ഥിക്കയും ചെയ്യുന്നു.

ഒരു സുഹൃത്തു്.

---

## "വിരക്തി"

(സാഹിത്യശിരോമണി. എൻ.എൻ. പെരുമാങ്ങോടു്.)

ഗ്രീഷ്മമാംവിഹംഗമം കൃഷ്ണപക്ഷവും
(വീശി-
സ്സോഷ്മളം വാനം തന്നിലൊരുനാഠം പ-
(റക്കവെ!
വാസരശ്രീദേവിതൻ വദനംതന്നിൽക്കാ-
(ണാ-
മാസന്നഭാവത്തിൻെറ മങ്ങിയ നിഴലല്പം
യൌവനോന്മദം തന്നിലിഴുകിപ്പിടിച്ചുള്ള
സൌഭഗസ്മിതത്തിൻെറ രശ്മിതന്നശ-
(ക്തിയാൽ
വാദ്ധക്യപീഡാത്തനായരുണൻ പടി-
(ഞ്ഞാറെ-
വാദ്ധിതന്നടുത്തെത്തി നിശ്ചലം നില-
(കൊണ്ടു
മൃത്യുവന്നടുത്തെത്തിക്കൊണ്ടുപോകുവാനു-
(ള്ള
കൃത്യമൊന്നിനൻ കണ്ടു ചിന്തയാൽനി-
(ശ്ശബ്ദനായ്.
പാരിടം തപിപ്പിച്ച തന്നുടെ ഹൃദയ-
(ത്തിൽ—
ച്ചേരുമപ്പശ്ചാത്താപമലിവിൻ പ്രഭപൂശി
താരുണ്യപ്രഭാവത്തിൻ ഭൌതികവശങ്ങ-
(ളെ-
പ്പാരിനിന്നവൻചെയ്ത കൎമ്മങ്ങളോരോ-
(ന്നോത്തു.

ശക്തനിന്നശക്തനെച്ചവിട്ടിത്താഴ്ത്തുന്ന-
(താം
വ്യക്തമദ്യ ഷ്കർമ്മത്തിൻ ഭാവിയെത്ത-
(ന്നിൽ കണ്ടു.
ജീവിതം വെറും വ്യൎത്ഥമാകയാമിനിമേലി
ലീവിധം നരന്മാരെ ഞെക്കുവാൻ തുനി-
(യില്ല.
ശാശ്വതപ്രഭചേൎന്നു ചിന്നിടും സത്യത്തി-
(ൻെറ-
യാസ്തികപ്രബോധത്തെ നേടിടാമെന്നാ-
(ത്മാവിൽ
നവ്യമാം മൃഗതൃഷ്ണവിതറും സ്വാൎത്ഥത്തി-
(ൻെറ
നിന്ദ്യമാം കരിനിഴലിനി ഞാനകററീടാൻ
നശ്വരപ്രഭുത്വത്തെയനിശം പുറത്താക്കി
വിശ്വസൌഹൃദം ചേൎന്നു വൈരാഗ്യപദ-
(മേറാം
ചിന്തയൊന്നിതേവിധമരുണൻ തുടൎന്ന-
(പ്പോ-
ളംബിതന്നടുത്തെത്തിസ്സത്വരം വിരാഗി-
(യായ്.
സാഗരം തരംഗത്താൽത്തടവാനൊരു-
(ങ്ങാതെ
ഭാഗ്യധാമത്തെത്തന്നിലണച്ചാൻ പൊട്ട-
(ന്നനെ